● വിശകലനം

# തെലുങ്കാന പ്രശ്നവും ജമാഅത്തെ ഇസ്‌ലാമിയും



*തെലുങ്കാന ഗർജാന എന്ന തലക്കെട്ടിൽ ജമാഅത്തെ ഇസ്‌ലാമി സംഘടിപ്പിച്ച പരിപാടിയിൽ ടി.ആർ.എസ് പ്രസിഡന്റ് കെ. ചന്ദ്രശേഖർ റാവു ജമാഅത്ത് നേതാക്കളോടൊപ്പം*

**ആന്ധ്രപ്രദേശ്** വിഭജിച്ച് തെലുങ്കാന സംസ്ഥാനം രൂപവത്കരിക്കണമെന്ന ആവശ്യത്തെ ജമാഅത്തെ ഇസ്‌ലാമി പിന്തുണക്കുന്നു. എല്ലാ മേഖലകൾക്കും വിഭാഗങ്ങൾക്കും തുല്യാവസരം, പുരോഗതി, നീതി തുടങ്ങിയ ആശയങ്ങളാണ് ജമാഅത്ത് തീരുമാനത്തിന്റെ അടിസ്ഥാനം.

മൂല്യനിബദ്ധമായ ഒരു പ്രത്യയശാസ്ത്ര പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. ജമാഅത്തിന്റെ ബഹുമുഖ പദ്ധതികളിൽ 'നീതിയുടെ സംസ്ഥാപനം' ഒരു പ്രധാന ലക്ഷ്യമാണ്. ഏവർക്കും നീതി ലഭ്യമാക്കുന്നതിനും പിന്നാക്ക പ്രാന്തവത്കൃത വിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിനുമുള്ള ശ്രമങ്ങളിൽ ജമാഅത്ത് എന്നും മുന്നിൽ നിന്നിട്ടുണ്ട്.

പ്രാദേശിക-ഭാഷാ-വർഗീയ വിഭാഗീയ ചിന്തകളെ ജമാ

അത്ത് ശക്തമായി എതിർക്കുന്നു. തെലുങ്കാനയുടെ പേരിൽ നടക്കുന്ന കേവല പ്രാദേ ശികതാ വാദത്തോടും ജമാഅത്തിന് വിമുഖതയാണുള്ളത്. എന്നിട്ടും ജമാഅത്ത് തെലുങ്കാന സംസ്ഥാന രൂപവത്കരണത്തെ പിന്തുണക്കുന്നത് സാമൂഹികനീതിയോടും സമത്വാധിഷ്ഠിത പുരോഗതിയോടും മികച്ച ഭരണ നിർവഹണത്തോടുമുള്ള അതിന്റെ താൽപര്യം കൊണ്ടാണ്.

ജമാഅത്ത് നിലപാടിന്റെ അടിസ്ഥാനം താഴെ പറയുന്ന മൂന്ന് വസ്തുതകളാണ്.

1. ചരിത്രപരമായിതന്നെ തെലുങ്കാന വേറിട്ടതും സ്വതന്ത്രവുമായ ഒരു അസ്തിത്വമാണ്. പരസ്പര ധാരണ പ്രകാരവും ഉറച്ച കരാറുകളുടെ അടിസ്ഥാനത്തിലുമായിരുന്നു ഈ മേഖലയെ ഐക്യ ആന്ധ്രയിൽ ലയിപ്പിച്ചത്. എന്നാൽ ഈ കരാറുകളിൽ ഏറെ പങ്കും നടപ്പാക്കപ്പെടാതെ ജലരേഖകളായി മാറുകയായിരുന്നു.

2. തെലുങ്കാനയിലെ ജനങ്ങൾ ക്രൂരമായ അനീതിക്കും വിവേചനങ്ങൾക്കും ഇരകളായിട്ടുണ്ട്. അധികാരികൾ നടത്തിയ ഈ ക്രൂരത തെലുങ്കാനയെ പിന്നാക്കാവസ്ഥയിലേക്ക് തള്ളിവിടുകയും ചെയ്തു.

3. ഉപ പ്രാദേശികതകൾ കുറഞ്ഞ കൊച്ചു സംസ്ഥാനങ്ങളിൽ കൂടുതൽ ഫലപ്രദമായ ഭരണനിർവഹണം നടക്കുന്നുവെന്നത് തെളിഞ്ഞു കഴിഞ്ഞ വസ്തുതയാണ്.

## ചരിത്രം

സ്വാതന്ത്ര്യത്തിന് മുമ്പ് തെലുങ്കാന, ഹൈദരാബാദ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. തെലുങ്കു ഭാഷയെ അടിസ്ഥാനപ്പെടുത്തി തെലുങ്കാന, ആന്ധ്ര, റായൽസീമ മേഖലകളെ ലയിപ്പിച്ച് ഒരു സംസ്ഥാനമുണ്ടാക്കണമെന്ന ആവശ്യം ആന്ധ്രയിലെ ചില നേതാക്കളാണ് ഉന്നയിച്ചത്. എന്നാൽ തെലുങ്കാനയിലെ ജനങ്ങൾ ഈ ആവശ്യത്തെ അനുകൂലിച്ചില്ല.

മൂന്ന് മേഖലകളുടെയും വിസ്തൃതിയും ജനസംഖ്യയും താഴെ കാണിച്ച പ്രകാരമാണ്.

| മേഖല | വിസ്തൃതി (സ്ക്വ. കി.മി) | ജനസംഖ്യ (കോടി) |
|---|---|---|
| ആന്ധ്രാതീരം | 92,810 (33.47%) | 3.17 (41.6%) |
| റായൽസീമ | 67,444 (24.52%) | 1.35 (18.4%) |
| തെലുങ്കാന | 1,14,800 (41.72%) | 3.09 (40%) |
| ആന്ധ്രപ്രദേശ് | 2,75,054 (100%) | 7.62(100%) |

1950-കളിൽ രൂപീകൃതമായ സംസ്ഥാന പുനർനിർണയ കമീഷൻ പ്രത്യേക തെലുങ്കാന സംസ്ഥാന രൂപവത്കരണത്തെയാണ് പിന്തുണച്ചത്. ഐക്യ ആന്ധ്രപ്രദേശ് വാദത്തെ 'വെട്ടിപ്പിടിക്കൽ സാമ്രാജ്യത്വം' എന്ന് വിളിച്ചാണ് അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പരിഹസിച്ചത്. എങ്കിലും ആന്ധ്രയിലെ ഉന്നത നേതാക്കളുടെ സ്വാധീനഫലമായി ഐക്യ ആന്ധ്രപ്രദേശ് എന്ന വാദം അവസാനം അംഗീകരിക്കപ്പെട്ടു. എന്നാൽ വ്യക്തവും കൃത്യവുമായ ചില കരാറുകളുടെ അടിസ്ഥാനത്തിലാണ് തെലുങ്കാനയെ ആന്ധ്രയിൽ ലയിപ്പിച്ചത്. ഈ ചരിത്ര കരാറിലെ ചില പ്രധാന വകുപ്പുകളാണ് താഴെ:

1. നൈസാം ഭരണകാലത്ത് തയാറാക്കിയ 'മുൽക്കി റൂൾസ്' തുടർന്നും നടപ്പാ

ക്കും. ഇതു പ്രകാരം തെലുങ്കാന സ്വദേശികൾക്ക് മാത്രമേ ഈ മേഖലയിലെ സർക്കാർ ജോലികൾക്ക് അപേക്ഷിക്കാനാവൂ.

2. സംസ്ഥാന നിയമസഭയിൽ ഒരു മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റി രൂപവത്കരിക്കും. തെലുങ്കാനയുമായി ബന്ധപ്പെട്ട പ്രധാന തീരുമാനങ്ങളും നിർദേശങ്ങളും ഈ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് റഫർ ചെയ്യും.

3. ആന്ധ്ര-തെലുങ്കാന മേഖലകളിൽനിന്ന് 60:40 അനുപാതത്തിലായിരിക്കും മന്ത്രിമാരെ നിശ്ചയിക്കുക. മുഖ്യമന്ത്രി ഒരു മേഖലയിൽ നിന്നാണെങ്കിൽ മറ്റേ മേഖലയിൽനിന്ന് ഉപമുഖ്യമന്ത്രിയെ നിശ്ചയിക്കും.

4. ഒരു പ്രത്യേക കാലത്തേക്കെങ്കിലും സർക്കാർ ഓഫീസുകളിൽ ഉർദുവിനുള്ള പദവി നിലനിർത്തും.

5. ഓരോ മേഖലയിൽനിന്നും ലഭിക്കുന്ന നികുതിവരുമാനത്തിന് ആനുപാതികമായിട്ടായിരിക്കും സർക്കാർ പദ്ധതികൾക്ക് പണം ചെലവഴിക്കുക.

'മുൽക്കി റൂൾസ്' പിന്നീട് സുപ്രീം കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടെങ്കിലും കോടതി അവയെ നിലനിർത്തുകയാണ് ചെയ്തത്. എന്നാൽ അവ നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ കനത്ത പ്രതിഷേധ സമരങ്ങൾ ഉയരുകയുണ്ടായി.

1969-ലെയും '73-ലെയും സമരങ്ങളെത്തുടർന്ന് അഞ്ചിന, ആറിന പരിഹാര നിർദേശങ്ങൾ പ്രഖ്യാപിക്കപ്പെട്ടു. ഇതിന്റെ ഭാഗമായി സർക്കാർ ജോലികളിലും വിദ്യാഭ്യാസത്തിലും തദ്ദേശവാസികൾക്ക് കൂടുതൽ പ്രാമുഖ്യം നൽകപ്പെട്ടു. ആറിന നിർദേശങ്ങളുടെ സുഗമമായ നടത്തിപ്പിന് വേണ്ടി ഭരണഘടനയിൽ 32-ാം ഭേദഗതിയും ഉൾപ്പെടുത്തി.

എന്നാൽ പ്രയോഗതലത്തിൽ ഒരു നിർദേശവും നടപ്പാക്കപ്പെട്ടില്ല. ഉപമുഖ്യമന്ത്രി പദത്തിനുള്ള നിർദേശം ഒന്നാം നാൾ മുതൽ ലംഘിക്കപ്പെട്ടു. നിയമസഭയിലെ മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റി 1973 വരെ മാത്രമേ നടപ്പാക്കപ്പെട്ടുള്ളൂ. മന്ത്രിസഭയിലെ തെലുങ്കാന പ്രാതിനിധ്യം പലപ്പോഴും വളരെ കുറവായിരുന്നു. മുൽക്കി റൂൾസ്, അഞ്ചിന-ആറിന നിർദേശങ്ങൾ എന്നിവയൊന്നും വേണ്ടവിധം പരിഗണിക്കപ്പെട്ടില്ല.

തെലുങ്കാനയെ ആന്ധ്രയിൽ ലയിപ്പിച്ചത് ഇത്തരം കരാറുകളുടെ അടിസ്ഥാനത്തിൽ മാത്രമായിരുന്നു. സംസ്ഥാന പുനർനിർണയ കമീഷനോ ജനാഭിലാഷമോ ഇതിന് അനുകൂലമായിരുന്നില്ല. അതിനാൽതന്നെ, മേൽപറഞ്ഞ കരാറുകളുടെ ലംഘനം ലയനത്തിന്റെ അടിസ്ഥാനങ്ങളെ തന്നെ ചോദ്യം ചെയ്തിരിക്കുകയാണ്.

## തെലുങ്കാനയോടുള്ള അനീതി

തെലുങ്കാനയിലെ മിക്ക ജില്ലകളും രാജ്യത്തെ ഏറ്റവും പിന്നാക്ക ജില്ലകളുടെ കൂട്ടത്തിലാണുള്ളത്. Backward Regions Grants Fund (BRGF)ന്റെ കണക്കനുസരിച്ച് ആന്ധ്രാപ്രദേശിലെ 13 ജില്ലകളാണ് ഏറ്റവും പിന്നാക്ക ജില്ലകളിൽ പെടുന്നത്. തലസ്ഥാനമായ ഹൈദരാബാദ് ഒഴികെ, തെലുങ്കാനയിലെ 10-ൽ 9 ജില്ലകളും ഈ 13-ൽ പെടുന്നു.

സ്വാഭാവിക കാരണങ്ങൾ മാത്രമല്ല ഈ പിന്നാക്കവസ്ഥക്കുള്ളത്. നയപരമായ അനീതിയും ഒരു പ്രധാന കാരണമാണ്. താഴെ കാണുന്ന വസ്തുതകൾ ഇതിലേക്ക് വിരൽചൂണ്ടുന്നുണ്ട്.

## കൃഷിയും ജലസേചനവും

ആസൂത്രണ കമീഷന്റെ കണക്കനുസരിച്ച് കനാൽ ജലസേചനത്തിന്റെ 75 ശതമാനവും ആന്ധ്രക്കാണ് ലഭിക്കുന്നത്. തെലുങ്കാനക്ക് കിട്ടുന്നത് കേവലം 17 ശതമാ

നം. അതിനാൽ തെലുങ്കാനയിൽ കുഴൽകിണറുകളെയാണ് അധികമായും ആശ്രയിക്കുന്നത്. ഇത് ഭൂഗർഭ ജലശേഖരത്തെ പ്രതികൂലമായി ബാധിക്കുന്നു. കൃഷ്ണാ നദിയുടെ 69 ശതമാനവും ഗോദാവരിയുടെ 79 ശതമാനവും തെലുങ്കാനയിലൂടെ ഒഴുകുമ്പോൾ തെലുങ്കാനക്ക് ഈ നദികളിൽനിന്ന് ലഭിക്കുന്നത് 15 ശതമാനം വെള്ളം മാത്രം. ജലസേചനക്കമ്മി മേഖലയിലെ ആറ് ജില്ലകളെ കൃഷിയോഗ്യമല്ലാതാക്കി ത്തീർത്തിട്ടുണ്ട്. 1998 മുതൽ നടന്നുകൊണ്ടിരിക്കുന്ന കർഷക ആത്മഹത്യകളിൽ മൂന്നിൽ രണ്ടും നടക്കുന്നത് തെലുങ്കാനയിലാണ്.

## വിദ്യാഭ്യാസം

തെലുങ്കാനയിലെ സർക്കാർ കോളേജുകളുടെ അനുപാതം തുലോം കുറവാണ്. പട്ടിക കാണുക.

| മേഖല | കോളേജുകൾ |
|---|---|
| ആന്ധ്രാതീരം | 96 (60%) |
| റായൽസീമ | 32 (20.13%) |
| തെലുങ്കാന | 31 (19%) |

സംസ്ഥാനത്തെ 40 ശതമാനം ജനങ്ങളും അധിവസിക്കുന്നത് ഈ മേഖലയിലാണെങ്കിലും സർക്കാർ-എയ്ഡഡ് മേഖലയിലെ സർക്കാർ വിഹിതത്തിന്റെ 25 ശതമാനം മാത്രമാണ് ഇവിടെ ലഭിക്കുന്നത്. തെലുങ്കാനയിലെ ഒരു നഗരവും വിദ്യാഭ്യാസ കേന്ദ്രമായി വളർന്നിട്ടില്ല. ഹൈദരാബാദ് ഒഴിച്ചുനിർത്തിയാൽ മൊത്തം തെലുങ്കാനയിൽ ഉള്ളത് ഒരു മെഡിക്കൽ കോളേജാണ്. എന്നാൽ ആന്ധ്രയിൽ നാലും റായൽസീമയിൽ മൂന്നും മെഡിക്കൽ കോളേജുകളുണ്ട്.

വാറംഗലിൽ സ്ഥാപിക്കേണ്ടിയിരുന്ന ജെ.എൻ.ടി സർവകലാശാല ഹൈദരാബാദിലേക്ക് മാറ്റി. നാൽഗോണ്ടയിലും മൊസറിലും തുടങ്ങിയിരിക്കുന്ന ഡോ. അംബേദ്കർ ഓപ്പൺ സർവകലാശാലയും ഐ.ഐ.ടിയും ഹൈദരാബാദിലേക്ക് മാറ്റി. എന്നാൽ എൻ.ടി.ആർ ആരോഗ്യ സർവകലാശാല (വിജയവാഡ), ശ്രീ പദ്മാവതി മഹീല സർവകലാശാല (തിരുപ്പതി), ദ്രവീഡിയൻ സർവകലാശാല (കുപ്പം) എന്നിവ ആന്ധ്ര-റായൽസീമ മേഖലകളിൽ തന്നെ നിലനിർത്തപ്പെട്ടു.

## സർക്കാർ ജോലികൾ

സർക്കാർ ജോലികളിൽ തദ്ദേശവാസികൾക്ക് പ്രാമുഖ്യം നൽകുമെന്ന് നേരത്തേ ഒപ്പിട്ട എല്ലാ കരാറുകളിലും വ്യക്തമാക്കിയിരുന്നു. എന്നാൽ ഇവയൊക്കെ ലംഘിക്കപ്പെട്ടു. ആന്ധ്രപ്രദേശിലെ 15 ലക്ഷം സർക്കാർ ജീവനക്കാരിൽ തെലുങ്കാനക്കാർ കേവലം 3 ലക്ഷം മാത്രമാണ്.

ചന്ദ്രബാബു നായിഡു മുഖ്യമന്ത്രിയായിരിക്കെ, ആറിന നിർദേശങ്ങളുടെ നടത്തിപ്പ് പുരോഗതി നിരീക്ഷിക്കാൻ ഗിരിഗ്ലാനി കമീഷനെ നിയോഗിക്കുകയുണ്ടായി. കമീഷൻ 134 വകുപ്പുകളിലേക്ക് കത്തെഴുതിയെങ്കിലും മൂന്നിൽ രണ്ട് വകുപ്പുകളും പ്രതികരിച്ചില്ല. ലഭ്യമായ കണക്കുകളിൽനിന്ന് ആറിന നിർദേശങ്ങൾ ലംഘിക്കപ്പെട്ടതായി കമീഷൻ വിലയിരുത്തുകയും ചെയ്തു.

നിർദേശങ്ങൾ നടപ്പാക്കാനും ലംഘനങ്ങൾക്ക് കനത്ത ശിക്ഷ നൽകാനും കമീഷൻ നിർദേശിച്ചു. തെലുങ്കാനയിലെ ഇതര മേഖലക്കാരായ ജീവനക്കാരെ മാറ്റി തദ്ദേശവാസികളെ നിയമിക്കാനും കമീഷൻ നിർദേശിച്ചു. തെലുങ്കാന തൊഴിലാളി യൂനി

യന്റെ കണക്കനുസരിച്ച് മറ്റു മേഖലകളിലെ രണ്ടു ലക്ഷം പേർ ഇവിടെ ജോലി ചെയ്യുന്നുണ്ട്. സർക്കാർ കമീഷൻ നിർദേശങ്ങൾ നടപ്പാക്കാൻ തീരുമാനമെടുത്തെങ്കിലും കാര്യങ്ങൾ നീങ്ങുന്നത് ഇപ്പോഴും ഒച്ചു വേഗതയിൽ തന്നെ.

## വ്യവസായം

ഹൈദരാബാദും പ്രാന്തപ്രദേശങ്ങളും മാറ്റിനിർത്തിയാൽ തെലുങ്കാനയിലെ ഒരു നഗരത്തിലും പ്രധാന വ്യവസായങ്ങളൊന്നും തന്നെ അനുവദിച്ചിട്ടില്ല. അതേസമയം ആന്ധ്രയിലെയും റായൽസീമയിലെയും പട്ടണങ്ങളായ വിശാഖപട്ടണം, വിജയവാഡ, കറക്കിനാഡ, നെല്ലൂർ, തിരുപ്പതി, കഡപ്പ എന്നിവ പ്രമുഖ വ്യവസായ കേന്ദ്രങ്ങളായിത്തീരുകയും ചെയ്തു.

നൈസാമിന്റെ കാലത്തുണ്ടായിരുന്ന പല വ്യവസായങ്ങളും അടച്ചുപൂട്ടി. അസം ജാഹിമിൽ (വാറംഗൽ), സിർസിൽക് ഫാക്ടറി (സിർപൂർ), അന്തർഗാവ് സ്പിൻ മിൽ (ആദിലാബാദ്), നൈസാം ഷുഗർ ഫാക്ടറി (നിസാമാബാദ്) എന്നിവ ഉദാഹരണങ്ങൾ. തെലുങ്കാന മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റി നടപ്പാക്കിയ മിൽക്ക് കൂളിംഗ് പ്ലാന്റുകളും അടച്ചുപൂട്ടിക്കഴിഞ്ഞു. രാമഗുണം വളം ഫാക്ടറി അടച്ചുപൂട്ടുകയും നെല്ലൂരിൽ തൊട്ടുടനെ സമാനമായൊന്ന് പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

## ചെറിയ സംസ്ഥാനങ്ങൾ–
## കൂടുതൽ കാര്യക്ഷമത

വലിയ സംസ്ഥാനങ്ങളിലെ ഭരണ നിർവഹണം നിയന്ത്രണാതീതമാവാൻ എളുപ്പമാണ്. ഒരു സംസ്ഥാനത്തിലെ ജനസംഖ്യ നാലു കോടി കവിയുന്നതോടെ അവിടെ പലതരം ഭരണ സ്തംഭന സാധ്യതകൾ ഉണ്ടാകുമെന്നാണ് വിദഗ്ധ മതം. ഇതിൽ കൂടുതൽ പ്രയാസങ്ങളനുഭവിക്കുന്നത് പിന്നാക്ക മേഖലകളായിരിക്കും. അതിനാൽതന്നെ പല വിദഗ്ധരും ചെറിയ സംസ്ഥാനങ്ങൾക്ക് വേണ്ടിയാണ് വാദിക്കുന്നത്.

ഒരു സംസ്ഥാനത്തിനകത്ത് കാണപ്പെടുന്ന ഉപ പ്രാദേശികതകൾ പലതരം താൽപര്യ സംഘർഷങ്ങളിലേക്ക് നയിക്കുന്നു. വികസനം ലഭിച്ചവരും ലഭിക്കാത്തവരും മൂലധനം ഉള്ളവരും ഇല്ലാത്തവരും തമ്മിൽ ഉയർന്നു വന്നേക്കാവുന്ന ഇത്തരം സംഘർഷങ്ങളിലും നഷ്ടം പിന്നാക്ക മേഖലക്കാർക്കുതന്നെയായിരിക്കും. ഉപ പ്രാദേശികതകൾ കുറഞ്ഞാൽ സംഘർഷ സാധ്യത കുറയും; വികസന പദ്ധതികൾ നന്നായി ആസൂത്രണം ചെയ്യാനും നടപ്പാക്കാനും എളുപ്പമുണ്ടാവുകയും ചെയ്യുന്നു.

സംസ്ഥാനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ സംസ്ഥാനത്തിന്റെ പിന്നാക്കാവസ്ഥക്കും കാര്യമായ പങ്കുണ്ട്. കൂടുതൽ പിന്നാക്കം നിൽക്കുന്നവർക്ക് കൂടുതൽ പണം ലഭിക്കും. 12-ാം സാമ്പത്തിക കമീഷൻ ഫണ്ട് വിതരണത്തിന്റെ മുഖ്യ അടിസ്ഥാനമാക്കിയിരിക്കുന്നത് പിന്നാക്കാവസ്ഥയെയാണ്. ഒരു സംസ്ഥാനത്ത് പിന്നാക്കവും മുന്നാക്കവുമായ മേഖലകളുണ്ടെങ്കിൽ, പിന്നാക്ക വിഭാഗത്തിന്റെ പ്രത്യേക പരിഗണന കൂടി വെച്ച് ഈ സംസ്ഥാനത്തിന് അധിക തുക ലഭിക്കും. എന്നാൽ ഇങ്ങനെ അധികം ലഭിക്കുന്ന തുകയും വികസിത മേഖലകളിലേക്ക് ലോബിയിംഗ് നടത്തിക്കൊണ്ടുപോകുന്നതാണ് അനുഭവം. ഇത്തരം സംസ്ഥാനങ്ങൾക്ക് അധിക തുക നൽകുന്നതിന്റെ ന്യായം തന്നെ ചോദ്യം ചെയ്യുന്നു ഈ ഏർപ്പാട്. പിന്നാക്കക്കാർ പിന്നെയും അതേ നിലയിൽ തുടരുകയും ചെയ്യുന്നു.

ഹരിയാനയും ഹിമാചൽ പ്രദേശിന്റെ ചില ഭാഗങ്ങളും നേരത്തേ ഐക്യ പഞ്ചാബിലെ പിന്നാക്ക മേഖലകളായിരുന്നു. എന്നാൽ സംസ്ഥാന വിഭജനത്തിനു ശേഷം

പഞ്ചാബിനോളം തന്നെ വളരാൻ ഈ സംസ്ഥാനങ്ങൾക്ക് കഴിഞ്ഞു. അതുപോലെ, പ്ലാനിംഗ് കമീഷന്റെ കണക്കനുസരിച്ച് ഛത്തീസ്ഗഢ്, ഉത്തരഖണ്ഡ്, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളും മാതൃ സംസ്ഥാനങ്ങളെക്കാൾ മെച്ചപ്പെട്ട വളർച്ചാ നിരക്കാണ് കാണിച്ചത്. നിശ്ചിത ടാർഗറ്റിനേക്കാൾ ഒട്ടേറെ മുന്നിലാണ് ഇവയുടെ വളർച്ചാ നിരക്ക്. പട്ടിക കാണുക:

| പുതിയ സംസ്ഥാനം | വളർച്ച ടാർഗറ്റ് | നേടിയ വളർച്ച | മാതൃ സംസ്ഥാനം | വളർച്ച ടാർഗറ്റ് | നേടിയ വളർച്ച |
|---|---|---|---|---|---|
| ഛത്തീസ്ഗഢ് | 6.1% | 9.2% | മധ്യപ്രദേശ് | 7.% | 4.3% |
| ജാർഖണ്ഡ് | 6.9% | 11.1% | ബീഹാർ | 6.2% | 4.7% |
| ഉത്തരഖണ്ഡ് | 6.8% | 8.8% | ഉത്തർപ്രദേശ് | 7.6% | 4.6% |

## ഇതര മേഖലകളുടെ താൽപര്യങ്ങൾ

തെലുങ്കാനയെപ്പോലെ റായൽസീമയും പിന്നാക്കം തന്നെയാണ്. റായൽസീമക്കും ചരിത്രപരമായ സ്വതന്ത്രവും സാംസ്കാരികവുമായ അസ്തിത്വമുണ്ട്. ആന്ധ്ര പ്രദേശിനെ മൂന്നായി വിഭജിക്കുകയാണ് വേണ്ടത്.

വിഭജന സന്ദർഭത്തിൽ മൂന്ന് മേഖലകളിലെയും ജനങ്ങളുടെ താൽപര്യങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകേണ്ടതുണ്ട്. കുടിവെള്ളം പോലുള്ള പ്രകൃതിവിഭവങ്ങൾ പങ്കുവെക്കുന്ന കാര്യത്തിൽ കൃത്യമായ ധാരണകൾ രൂപപ്പെടുത്തണം. മേഖലാ പരിഗണന കൂടാതെ തന്നെ എല്ലാ വിഭാഗം ജനങ്ങൾക്കും അവരുടെ സ്വത്തുവകകൾക്കും ഹൈദരാബാദിൽ പ്രത്യേക സംരക്ഷണം ഉണ്ടാവണം.

തെലുങ്കാന സംസ്ഥാന രൂപവത്കരണം വിലകുറഞ്ഞ പ്രാദേശികതാവാദത്തിന് നിദാനമാവരുത്. തെലുങ്കാനയുടെ പിന്നാക്കാവസ്ഥക്ക് കാരണം ആന്ധ്രയിലെയും റായൽസീമയിലെയും ജനങ്ങളല്ല, മറിച്ച് ഏതാനും തൽപരകക്ഷികളായ രാഷ്ട്രീയക്കാരും മൂലധനശക്തികളുമാണ്. തെലുങ്കാന സംസ്ഥാന രൂപവത്കരണം കേവലം ഭരണ സൗകര്യ നടപടി മാത്രമായിരിക്കണം; ജനഹൃദയങ്ങൾക്കിടയിലത് വിള്ളൽ വീഴ്ത്തരുത്. ഇതര മേഖലകളിലെ ജനങ്ങൾ പ്രതിഷേധ സമരങ്ങളുടെ ബലിയാടുകളാവാതിരിക്കാൻ തെലുങ്കാന പ്രസ്ഥാനത്തിന്റെ നേതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം.

## മുസ്ലിം വീക്ഷണം

മുസ്ലിം സമുദായത്തിന്റെ റോൾ നീതിക്കുവേണ്ടി എഴുന്നേറ്റു നിൽക്കലും അനീതിക്കെതിരെ പോരാടലുമാണ്. ഇതവരുടെ മതപരമായ ബാധ്യതയാണ്. ഇതവർക്ക് സ്വന്തം പ്രശ്നങ്ങളിലേക്കും വിഷയങ്ങളിലേക്കും ചുരുക്കിയൊതുക്കുക സാധ്യമല്ല. മാനവികതയുടെ പൊതുതാൽപര്യമാണ് ഇസ്ലാമിന്റേതും.

മുസ്ലിംകൾ സമൂഹത്തിന്റെ ഭാഗമാണ്. തെലുങ്കാനയിലെ ജനങ്ങളുടെ പിന്നാക്കാവസ്ഥ തെലുങ്കാനയിലെ മുസ്ലിംകളുടെ കൂടി പിന്നാക്കാവസ്ഥയാണ്. തെലുങ്കാന അഭിവൃദ്ധിപ്പെട്ടാൽ തെലുങ്കാന മുസ്ലിംകളും മെച്ചപ്പെടും.

തെലുങ്കാനയിലെ മുസ്ലിം സാന്നിധ്യം ഐക്യ ആന്ധ്രയിലേതിനേക്കാൾ മെച്ചപ്പെട്ടതായിരിക്കും. പട്ടിക നോക്കുക.

| മേഖല | മൊത്തം ജനസംഖ്യ (കോടിയിൽ) | മുസ്‌ലിം പ്രാതിനിധ്യം |
|---|---|---|
| തെലുങ്കാന | 3.09 | 12.43% |
| ആന്ധ്രാതീരം | 3.17 | 4.54% |
| റായൽസീമ | 1.35 | 12.51% |
| ആന്ധ്രപ്രദേശ് | 7.62 | 9.16% |

## എന്തിന് പുതിയ സംസ്ഥാനങ്ങൾ?

സാമൂഹികനീതിയും തുല്യതയും ഉറപ്പുവരുത്തലാണ് പുതിയ സംസ്ഥാനങ്ങൾ ഉണ്ടാക്കുന്നതിന്റെ മുഖ്യ പ്രേരകം. അനീതിയും മേധാവിത്വ പ്രവണതകളും ഇല്ലാതാക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഈ സംസ്ഥാനങ്ങളിൽ ഉണ്ടാവണം. ഇതിന് ചില നിർദേശങ്ങൾ ജമാഅത്ത് മുന്നോട്ടുവെക്കുന്നു.

1. ഓരോ സംസ്ഥാനവും ജീവിതായോധനത്തിനുള്ള അവകാശം നിയമപരമായി അംഗീകരിക്കണം. പൗരന്മാരുടെ അടിസ്ഥാനാവശ്യങ്ങളുടെ പൂർത്തീകരണം സർക്കാറുകളുടെ നിയമപരമായ ബാധ്യതയായി നിർണയിക്കണം.

2. അഴിമതിമുക്തവും സ്വതന്ത്രവുമായ ഭരണസംവിധാനം കെട്ടിപ്പടുക്കുന്നതിന് സുതാര്യതയും ഉത്തരവാദിത്വബോധവും അടിസ്ഥാനപ്പെടുത്തി ബ്യൂറോക്രസിയെ ഉടച്ചുവാർക്കണം. വിവരാവകാശ നിയമം കൂടുതൽ ഫലവത്തായി നടപ്പാക്കണം.

3. പുതിയ സംസ്ഥാനങ്ങളുടെ നയരൂപവത്കരണം ദരിദ്രരെയും പിന്നാക്ക വിഭാഗങ്ങളെയും കേന്ദ്രീകരിച്ചായിരിക്കണം. ഗ്രാമീണ വികസനത്തിനും സമ്പദ്‌വ്യവസ്ഥക്കും മുന്തിയ പരിഗണന നൽകണം. ക്ഷേമരാഷ്ട്ര മാതൃകകളായി ഈ സംസ്ഥാനങ്ങൾ ഉയർന്നുവരണം.

4. വർഗീയ വിദ്വേഷവും പോലീസ് അതിക്രമങ്ങളും തടയുന്നതിന് ശക്തമായ സംവിധാനങ്ങൾ ഉണ്ടായിരിക്കണം. പോലീസ് പരിഷ്കരണ പരിപാടികൾ ഉടൻ ആരംഭിക്കണം.

5. തെലുങ്കാന പിന്നാക്ക വിഭാഗങ്ങളുടെ സംസ്ഥാനമായിരിക്കും. പുതിയ സംസ്ഥാനങ്ങളിൽ ആദിവാസികൾ, ദലിതർ, ന്യൂനപക്ഷങ്ങൾ, മറ്റു പിന്നാക്ക വിഭാഗങ്ങൾ എന്നിവർക്ക് ജനസംഖ്യാനുപാതികമായ സംവരണം സർക്കാർ തൊഴിലുകളിലും പദ്ധതികളിലും പൊതുധന വിനിയോഗത്തിലും ഉണ്ടായിരിക്കണം. സച്ചാർ-രംഗനാഥ മിശ്ര കമീഷൻ റിപ്പോർട്ടുകളിലെ പ്രസക്ത നിർദേശങ്ങൾ നടപ്പാക്കണം.

6. വഖ്ഫ് സ്വത്തുക്കൾ കൂടുതലുണ്ട് തെലുങ്കാനയിൽ. അതിനാൽ സമൂലമായ വഖ്ഫ് നിയമപരിഷ്കരണം അനിവാര്യമാണ്. സർക്കാരിന്റെയും സ്വകാര്യ വ്യക്തികളുടെയും കൈയേറ്റത്തിലിരിക്കുന്ന മുഴുവൻ വഖ്ഫ് സ്വത്തുക്കളും തിരിച്ചുപിടിക്കണം.

തെലുങ്കാന പ്രസ്ഥാനം നീതിക്കുവേണ്ടിയുള്ളതാണെങ്കിൽ അതിനെ മഹത്തായ മൂല്യങ്ങളിൽ അടിയുറപ്പിച്ച് നിർത്തേണ്ടതുണ്ട്. നിക്ഷിപ്ത താൽപര്യങ്ങൾക്ക് ചുറ്റും വട്ടമിടുന്ന ഒന്നായി ഈ പ്രസ്ഥാനം അധഃപതിക്കരുത്. ഈ മഹിത മൂല്യങ്ങളിലേക്ക് പ്രസ്ഥാനത്തിന്റെ നേതാക്കളും അനുയായികളും വരുമ്പോൾ മാത്രമാണ് ഇത് അർഥവത്തായ ഒന്നായി മാറൂ എന്നാണ് ജമാഅത്ത് വിശ്വസിക്കുന്നത്. തെലുങ്കാനയെ സംസ്ഥാന പട്ടികയിലെ കേവല അക്കമായി ചുരുക്കരുത്. മറിച്ച് രാജ്യത്തിനൊട്ടാകെ

മാതൃക സൃഷ്ടിക്കുന്ന ഒരു പുതിയ വ്യവസ്ഥയും സംസ്കാരവുമായി മാറാൻ അതിന് കഴിയണം. ■

**വിവ: എം. സാജിദ്**

(ആന്ധ്രപ്രദേശ് ജമാഅത്തെ ഇസ്‌ലാമി പുറത്തിറക്കിയ ബുക്ക് ലെറ്റിന്റെ വിവർത്തനം)